പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2096 15.07.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | മറുപടി<br>ശ്രീ.പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | എ) കെ. ഇ. ആർ -ൽ ലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. |
| ബി) നിയമന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ബി) യു. പി. സ്കൂളിൽ 500 കുട്ടികൾ ഉണ്ടെങ്കിൽ ഒരു സ്പെഷ്യൽ അദ്ധ്യാപക തസ്തിക (Physical Education Teacher/ Drawing/Sewing/Music etc) അനുവദിക്കാം. ഹൈസ്കൂളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ 5 പീരിയഡ് ഉണ്ടെങ്കിൽ ഒരു Physical Education Teacher തസ്തിക അനുവദിക്കാം. |
| സി) എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; | സി) 19 ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| ഡി) ഇടുക്കി ജില്ലയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; | ഡി) ഒഴിവ് ഇല്ലാത്തതിനാൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ഇ) കായികാദ്ധ്യാപകരെ നിയമിക്കുന്നതിലേക്കായി ഇടുക്കി ജില്ലയിൽ പി. എസ്. സി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ; | ഇ) ഉണ്ട്. |
| എഫ്) ഈ ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ; | എഫ്) ഒഴിവിന് വിധേയമായി നിയമനം നൽകുന്നതാണ്. |
| ജി) വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറവാണെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ ഉദ്ദേശമുണ്ടോ? | ജി) എല്ലാ സ്കൂളുകളിലും കായികാധ്യാപകർ ഉൾപ്പെടുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം ഉറപ്പുവരുത്തുന്നതിനായി കുട്ടികളുടെ എണ്ണം കണക്കാക്കാതെതന്നെ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് 01-10-2011 ലെ ജ.ഉ(എം.എസ്) 199/2011/പൊ.വി. പ്രകാരം ഉത്തരവായി. ഇതിനായി എല്ലാ സ്പെഷ്യലിസ്റ്റ് അധ്യാപകരെയും ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റുന്നതിനും ഒഴിവുള്ള സ്കൂളുകളിലേക്ക് പുനർവിന്യാസം ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത് |

Sureshkumar

സെക്ഷൻ ഓഫീസർ